**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 159** **14-10-2024 - ൽ മറുപടിയ്ക്ക്**

**കുടുംബശ്രീ നടപ്പിലാക്കുന്ന സൂക്ഷ്മ സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ എം എസ് അരുൺ കുമാർ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണം ലക്ഷ്യമിട്ടുകൊണ്ട് വ്യത്യസ്ത ഉപജീവന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് കുടുംബശ്രീ നടപ്പിലാക്കിവരുന്ന സൂക്ഷ്മ സംരംഭങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്തെ സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണം ലക്ഷ്യമിട്ടുകൊണ്ട് വ്യത്യസ്ത ഉപജീവന പ്രവർത്തനങ്ങൾ കുടുംബശ്രീ മിഷൻ നടപ്പിലാക്കി വരുന്നുണ്ട്. ഇതിൽ സുപ്രധാനമായ ഒന്നാണ് സ്വയംതൊഴിൽ സംരംഭങ്ങൾ. കുടുംബശ്രീ വനിതകളോ കുടുംബാംഗങ്ങളോ തങ്ങളുടെ സംരംഭകത്വ വാസനക്കും തൊഴിൽ പരിജ്ഞാനത്തിനും അനുസരിച്ച് ആന്തരിക വായ്പയിലൂടെയോ, ലിങ്കേജ് വായ്പയിലൂടെയോ, കമ്മ്യൂണിറ്റി എന്റർപ്രൈസ് ഫണ്ട് മുഖേനയോ കുടുംബശ്രീ പദ്ധതികളായ ഗ്രാമീണ സൂക്ഷ്മ സംരംഭങ്ങൾ (ആർ.എം.ഇ), യുവശ്രീ, പ്രത്യാശ, ഷീ സ്റ്റാർട്സ് തുടങ്ങിയ പദ്ധതികൾ പ്രകാരമോ സംരംഭങ്ങൾ ആരംഭിക്കുന്നുണ്ട്. കൂടാതെ നാഷണൽ റൂറൽ ലൈവ് ലിഹുഡ് മിഷന്റെ (എൻ.ആർ.എൽ.എം) സ്റ്റാർട്ടപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് പ്രോഗ്രാം (എസ്. വി. ഇ.പി) പദ്ധതി പ്രകാരവും സൂക്ഷ്മ സംരംഭങ്ങൾ ആരംഭിച്ചു വരുന്നു.<br><br>സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള കൗൺസിലിംഗ്, പരിശീലനം, നൈപുണ്യ വികസന സാമ്പത്തിക സഹായം, വിപണന പിന്തുണ എന്നിങ്ങനെ നൽകിക്കൊണ്ട് കുടുംബശ്രീ അംഗങ്ങളുടെ പിന്തുണയോടെ 39064 സംരംഭകർ അടങ്ങുന്ന 34526 പുതിയ സംരംഭങ്ങൾ രൂപീകരിച്ചു. 2024-25-ൽ 14004 സംരംഭകർ അടങ്ങുന്ന 11771 പുതിയ മൈക്രോ എന്റർപ്രൈസസ് രൂപീകരിച്ചു. ചെറുകിട സംരംഭങ്ങൾ തുടങ്ങാൻ താൽപ്പര്യമുള്ള കുടുംബശ്രീ അയൽക്കൂട്ട അംഗങ്ങൾ/കുടുംബാംഗങ്ങൾ എന്നിവരെ കണ്ടെത്തി സിഡിഎസ് തലത്തിൽ പൊതുബോധവൽക്കരണ പരിശീലനവും സംരംഭകത്വ വികസന പരിപാടികളും നൽകി വരുന്നു. |

| | | | |
|---|---|---|---|
| | | | കുടുംബശ്രീയുടെ പിന്തുണയോടെ ജനകീയ ഹോട്ടലുകൾ, ഹരിത കർമ്മ സേന യൂണിറ്റുകൾ, അമൃതം ന്യൂട്രിമിക്സ്, പ്രവാസി ഭദ്രത, പ്രത്യാശ പദ്ധതി, തീരദേശ സൂക്ഷ്മ സംരംഭ പദ്ധതി, ഷീ സ്റ്റാർട്സ് സംരംഭങ്ങളുടെ രൂപീകരണം, KLIFT ക്യാമ്പയിൻ, ഉണർവ് ക്യാമ്പയിൻ, കെ 4 കെയർ, പ്രീമിയം കഫേ എന്നീ സംരംഭങ്ങൾ പ്രവർത്തിച്ചു വരുന്നു. |
| (ബി) | കുടുംബശ്രീ അംഗങ്ങളായ വനിതകളോ അവരുടെ കുടുംബാംഗങ്ങളോ തങ്ങളുടെ സംരംഭകത്വ വാസനയ്ക്കും തൊഴിൽ പരിപാലനത്തിനും അനുസരിച്ച് ആർ.എം.ഇ., യുവശ്രീ എന്നീ കുടുംബശ്രീ പദ്ധതികൾ പ്രകാരം സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | കുടുംബശ്രീ അംഗങ്ങളായ വനിതകൾ, അവരുടെ കുടുംബാംഗങ്ങൾ എന്നിവർക്ക് തങ്ങളുടെ സംരംഭകത്വ വാസനയ്ക്കും തൊഴിൽ പരിശീലനത്തിനും അനുസരിച്ച് ഗ്രാമീണ സൂക്ഷ്മ സംരംഭങ്ങൾ (ആർ.എം.ഇ), യുവശ്രീ എന്നീ പദ്ധതികൾ പ്രകാരം സംരംഭങ്ങൾ ആരംഭിക്കുവാൻ സാധിച്ചിട്ടുണ്ട്. കുടുംബശ്രീ അയൽക്കൂട്ടാംഗങ്ങൾ, കുടുംബാംഗങ്ങൾ എന്നിവർക്ക് വരുമാനമാർഗ്ഗം ഉറപ്പാക്കുന്നതിനായി സൂക്ഷ്മസംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പരിശീലനം, സാമ്പത്തിക സഹായം, വിവിധ പിന്തുണാ സഹായങ്ങൾ എന്നിവ ടി പദ്ധതികൾ മുഖേന കുടുംബശ്രീ ലഭ്യമാക്കുന്നുണ്ട്.<br><br>ഗ്രാമീണ സൂക്ഷ്മ സംരംഭങ്ങൾ/നഗര സൂക്ഷ്മ സംരംഭങ്ങൾ(RME/UME) എന്നീ പദ്ധതികൾ പ്രകാരം ഗ്രാമീണ/നഗര മേഖലയിലെ 18 മുതൽ 60 വയസ്സ് വരെ പ്രായമുള്ള കുടുംബശ്രീ അയൽക്കൂട്ട അംഗത്തിനോ വനിതാ കുടുബാംഗത്തിനോ സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്. 60 വയസ്സിനു മുകളിൽ പ്രായമുള്ള അംഗങ്ങൾക്ക് ജില്ലാമിഷന്റെ ശുപാർശ പ്രകാരം ടി പദ്ധതിയുടെ ഭാഗമാകാവുന്നതാണ്. ഇത്തരത്തിൽ ഗ്രാമീണ സൂക്ഷ്മ സംരംഭ മേഖലയിൽ 1,28,538 സംരംഭങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്.<br><br>കുടുംബശ്രീ അയൽക്കൂട്ട കുടുംബാംഗമായ 18 മുതൽ 40 വയസ്സ് വരെ പ്രായമുള്ള പുരുഷന്മാർ മാത്രമായോ, സ്ത്രീകളും പുരുഷന്മാരും ചേർന്ന ഗ്രൂപ്പുകളായോ ആരംഭിക്കുന്ന സംരംഭങ്ങളാണ് യുവശ്രീ സംരംഭങ്ങൾ. ഇത്തരത്തിൽ യുവശ്രീ പദ്ധതി പ്രകാരം 4,356 സംരഭങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. |
| (സി) | സംരംഭങ്ങൾ തുടങ്ങാൻ താല്പര്യപ്പെടുന്നവർക്കും നിലവിലുള്ളത് വിപുലീകരിക്കാൻ ആഗ്രഹിക്കുന്നവർക്കും എന്തെല്ലാം സഹായങ്ങളാണ് കുടുംബശ്രീ നൽകിവരുന്നതെന്ന് വിശദമാക്കാമോ; | (സി) | സംരംഭം തുടങ്ങാൻ താല്പര്യപ്പെടുന്ന വ്യക്തികൾക്കും തങ്ങളുടെ നിലവിലുള്ള തൊഴിൽ മേഖല വിപുലപ്പെടുത്താൻ ആഗ്രഹിക്കുന്നവർക്കും അവരുടെ വ്യത്യസ്ത ആവശ്യങ്ങൾ പരിഗണിച്ച് പരിശീലനം, സാമ്പത്തിക സഹായം, വിപണന സംവിധാനം, പിന്തുണാസഹായം എന്നിവ കുടുംബശ്രീ നൽകി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഈ സർക്കാർ വന്നശേഷം സംസ്ഥാനത്ത് കുടുംബശ്രീ ആരംഭിച്ച സംരംഭങ്ങൾ എന്തൊക്കെയാണെന്നും അതിൽ എത്ര സംരംഭങ്ങൾക്ക് വിവിധ ധനസഹായങ്ങൾ ലഭിച്ചിട്ടുണ്ടെന്നും അറിയിക്കുമോ? | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കുടുംബശ്രീയുടെ ഭാഗമായി ജനകിയ ഹോട്ടൽ, പിങ്ക് കഫേ, പ്രീമിയം കഫേ, ഫുഡ് പ്രോസസ്സിംഗ് യൂണിറ്റ്, കെ ഫോർ കെയർ എക്സിക്യൂട്ടീവ്, അപ്പാരൽ പാർക്ക്, കറി പൗഡർ യൂണിറ്റുകൾ , കൺസ്ട്രക്ഷൻ യൂണിറ്റുകൾ, എൽഇഡി ബൾബ് & സ്ട്രീറ്റ് ലൈറ്റ് റിപ്പയറിങ് യൂണിറ്റുകൾ, സാന്ത്വനം വോളന്റീർസ്, മാർക്കറ്റിംഗ്, ഹോം ഷോപ്പ് തുടങ്ങി വിവിധ മേഖലകളിലായി 87278 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ പഴയതും പുതിയതുമായ 51252 സംരംഭങ്ങൾക്ക് വിവിധ ധനസഹായങ്ങൾ ടി കാലയളവിൽ ലഭ്യമാക്കിയിട്ടുണ്ട്.<br><br>ധനസഹായങ്ങൾ ലഭിച്ചിട്ടുള്ള സംരംഭങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു. |

| **സാമ്പത്തിക സഹായങ്ങൾ** | |
|---|---|
| **വർഷം** | **യൂണിറ്റുകളുടെ എണ്ണം** |
| 2021-2022 | 24074 |
| 2022-2023 | 8647 |
| 2023-2024 | 13777 |
| 2024-2025 | 4754 |
| Total | 51252 |

സെക്ഷൻ ഓഫീസർ